Page 1 of 1

(സി) അദ്ധ്യാപകരെ ഉയർന്ന തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് 4-6-2014-ൽ ഡി.പി.സി. കൂടിയിട്ടുണ്ട്. ആയതനുസരിച്ച് പ്രൊമോഷൻ കൊടുക്കുന്നതുമൂലമുണ്ടാകുന്ന താഴ്ന്ന തസ്തികകളിലേക്ക് താൽക്കാലികമായി കോൺട്രാക്ട് ബെയ്സിൽ അധ്യാപകരെ നിയമിക്കാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അതിനുള്ള നടപടികൾ നടന്നുവരുന്നു. പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുവേണ്ടി സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

**മങ്കട ഗ്രാമപഞ്ചായത്തിന് ഹോമിയോ ഡിസ്പെൻസറി**

127 (2413) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മങ്കട പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) മങ്കട പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ ശബരിമല വികസന പദ്ധതികൾ**

128 (2414) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് മിഷൻ 676വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly